**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2517** **02-08-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലെ കിച്ചൺ സ്റ്റോർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. ടി. ജെ. വിനോദ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്രകാരം കിച്ചൺ സ്റ്റോർ നിർമ്മിക്കുന്നതിനായി സംസ്ഥാനത്തിന്റെ നാൽപ്പത് ശതമാനം വിഹിതവും കേന്ദ്രത്തിന്റെ അറുപത് ശതമാനം വിഹിതവും ചേർത്തുള്ള തുക 24.02.2021-ന് സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ അക്കൗണ്ടിലേക്ക് നൽകിയിരുന്നോ; | (എ) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്രകാരം കിച്ചൺ സ്റ്റോർ നിർമ്മിക്കുന്നതിനായി കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ വിഹിതമുൾ പ്പെടെയുള്ള 13766.69 ലക്ഷം രൂപയുടെ ഫണ്ടിന്റെ വിനിയോഗത്തിനായി 24.02.2021-ൽ സർക്കാർ ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 17/03/2021 -ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമ പ്രകാരം പ്രസ്തുത ഫണ്ട് ട്രഷറി അലോട്ട്മെന്റായി വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ മുഖാന്തിരം ബന്ധപ്പെട്ട സ്കൂളുകൾക്ക് ലഭ്യമാക്കുകയും ട്രഷറി അലോട്ട്മെന്റായി ലഭിക്കുന്ന പ്രസ്തുത ഫണ്ട് 2021 മാർച്ച് മാസം മുൻകൂറായി മാറി സ്കൂളുകളുടെ സ്പെഷ്യൽ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് പ്രഥമാദ്ധ്യാപകർക്ക് അനുമതി നൽകുകയും ചെയ്തിരുന്നു . |
| (ബി) | പ്രസ്തുത തുക 2021 മാർച്ച് മുപ്പത്തി ഒന്നിന് തിരിച്ചു പിടിച്ചിരുന്നോ; | (ബി) | ആകെ അലോട്ട് ചെയ്ത 13766.69 ലക്ഷം രൂപയിൽ കുറച്ച് രൂപയുടെ ബില്ലുകൾ ചില സ്കൂളുകൾ മാറി തങ്ങളുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം ബില്ലുകളും 2020-21 സാമ്പത്തിക വർഷത്തിന്റെ അവസാന ദിനങ്ങളിൽ സമർപ്പിക്കപ്പെട്ടതിനാൽ ട്രഷറിയിൽ പാസ്സാക്കപ്പെടാത്ത 12471.48 ലക്ഷം രൂപ ഇലക്ട്രോണിക്ക് ലഡ്ജർ അക്കൗണ്ടിലേക്ക് പോസ്റ്റ് ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത തുക പിന്നീട് തിരിച്ചു നൽകിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേയ്ക്ക് പോസ്റ്റ് ചെയ്ത 12471.48 ലക്ഷം രൂപ തിരികെ നൽകിയിട്ടില്ല. ആയത് തിരികെ നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു 2017-18 വർഷത്തിലാണ് കിച്ചൺ സ്റ്റോർ |

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിനുള്ള ഫണ്ട് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്. |
| (ഡി) | മേൽപ്പറഞ്ഞ ഫണ്ട് ഏതു വർഷത്തിലാണ് കേന്ദ്രസർക്കാർ അനുവദിച്ചതെന്ന് അറിയിക്കുമോ; പ്രസ്തുത തുക എപ്പോൾ തിരികെ ലഭിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേയ്ക്ക് പോസ്റ്റ് ചെയ്ത 12471.48 ലക്ഷം രൂപ തിരികെ നൽകിയിട്ടില്ല. ആയത് തിരികെ നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു 2017-18 വർഷത്തിലാണ് കിച്ചൺ സ്റ്റോർ നിർമ്മാണത്തിനുള്ള ഫണ്ട് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ